പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 392 — 10/06/2014-ൽ മറുപടിക്ക്

# മാവേലിക്കര മണ്ഡലത്തിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ആർ രാജേഷ്. | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വള്ളികുന്നം കേന്ദ്രമാക്കി വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) കൃഷ്ണപുരം, ചാരുമ്മൂട് എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിച്ച് വള്ളികുന്നം കേന്ദ്രമാക്കി വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം നിലവിലുള്ള മാനദണ്ഡങ്ങൾക്കുള്ളിൽ വരുന്നതല്ലാത്തതിനാൽ ടി വിഭജനം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) മാവേലിക്കര താമരക്കുളം പഞ്ചായത്തിൽ വെൽഫെയർ സ്കൂൾ ഭാഗത്തേക്കുള്ള 11 കെ.വി. ലൈൻ ഷിഫ്റ്റു ചെയ്യുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ. യുടെ കത്ത് ലഭ്യമായിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) ലഭ്യമായിട്ടുണ്ട്. പ്രസ്തുത 11 കെ.വി ലൈൻ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 13,16,150/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി എം.എൽ.എ ക്ക് സമർപ്പിച്ചിട്ടുണ്ട്. തുക അടയ്ക്കുന്ന മുറയ്ക്ക് ടി പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ